# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702

2020 ജനവരി 10

# വാർത്താക്കുറിപ്പ്

## പി.ജി. തിയറിക്ക് മുമ്പ് പ്രാക്ടിക്കൽ പരീക്ഷ; സാധ്യത പഠിക്കാനൊരുങ്ങി എം.ജി.

ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ തിയറി പരീക്ഷയ്ക്ക് മുമ്പ് പ്രാക്ടിക്കൽ പരീക്ഷകളും പ്രൊജക്ട് മൂല്യനിർണയവും പൂർത്തീകരിക്കുന്നതിന്റെ സാധ്യത പഠിക്കാൻ മഹാത്മാ ഗാന്ധി സർവകലാശാലയിൽ ചേർന്ന പ്രിൻസിപ്പൽമാരുടെ യോഗം തീരുമാനിച്ചു. പ്രാക്ടിക്കലുകൾ നിരന്തര മൂല്യനിർണയ സംവിധാനത്തിലൂടെ നടത്തുന്നതിന്റെ സാധ്യതയും ആരായും. എക്സ്റ്റേണൽ മൂല്യനിർണയം ഒഴിവാക്കി കോളേജുകൾക്കുതന്നെ നിരന്തര മൂല്യനിർണയത്തിലൂടെ പ്രാക്ടിക്കൽ വിലയിരുത്താനുള്ള സാധ്യതയാണ് ആരായുക. നിലവിൽ തിയറി പരീക്ഷകൾ കഴിഞ്ഞാണ് പ്രാക്ടിക്കൽ പരീക്ഷകളും പ്രൊജക്ട് മൂല്യനിർണയവും നടക്കുന്നത്.

യോഗം വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്തു. അക്കാദമിക മേഖലയിലുണ്ടാകുന്ന മാറ്റങ്ങൾക്ക് അനുസൃതമായി മുന്നേറാൻ പ്രിൻസിപ്പൽമാരും അധ്യാപകരും തമ്മിലുള്ള പാരസ്പര്യ പ്രവർത്തനം അനിവാര്യമാണെന്ന് അദ്ദേഹം പറഞ്ഞു. സിൻഡിക്കേറ്റംഗം ഡോ. എ. ജോസ് അധ്യക്ഷത വഹിച്ചു. ആറാം സെമസ്റ്റർ ബിരുദ പരീക്ഷകൾ മാർച്ച് 16നും നാലാം സെമസ്റ്റർ ബിരുദാനന്തര ബിരുദ പരീക്ഷകൾ ഏപ്രിൽ 20നും ആരംഭിക്കുമെന്ന് മുഖ്യപ്രഭാഷണം നടത്തിയ സിൻഡിക്കേറ്റ് പരീക്ഷ ഉപസമിതി കൺവീനർ ഡോ. ആർ. പ്രഗാഷ് പറഞ്ഞു. ഒന്നാം സെമസ്റ്റർ ഡിഗ്രി ക്ലാസുകൾ ജൂൺ ഒന്നിന് ആരംഭിക്കുകയാണ് ലക്ഷ്യം. പ്ലസ്ടു ഫലം പ്രഖ്യാപിച്ചാലുടൻ ബിരുദപ്രവേശനത്തിനുള്ള സർവകലാശാല പോർട്ടൽ തുറക്കും. പ്രവേശന നടപടികൾ അതിവേഗത്തിൽ പൂർത്തീകരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

സർവകലാശാലയുടെ ടീച്ചേഴ്സ് പോർട്ടലിൽ അധ്യാപകരുടെ വിവരങ്ങൾ ചേർക്കുന്നതിന് പ്രിൻസിപ്പൽമാർ പ്രത്യേക നിർദ്ദേശം നൽകണമെന്ന് പരീക്ഷ കൺട്രോളർ പ്രൊഫ. ബി. പ്രകാശ് കുമാർ പറഞ്ഞു. യു.ജി. ആറാം സെമസ്റ്റർ, പി.ജി. നാലാം സെമസ്റ്റർ പരീക്ഷ നടത്തിപ്പ്, മൂല്യനിർണയം എന്നിവയും യോഗം ചർച്ച ചെയ്തു. സിൻഡിക്കേറ്റംഗങ്ങളായ അഡ്വ. പി.കെ. ഹരികുമാർ, പ്രൊഫ. ടോമിച്ചൻ ജോസഫ്, ഡോ. എസ്. സുജാത, ഡോ. ആർ. അനിത, ഡോ. റോയ് സാം ഡാനിയേൽ, പ്രിൻസിപ്പൽമാർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

### ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജ് പ്രിൻസിപ്പൽമാരുടെ യോഗം സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് ഓഡിറ്റോറിയത്തിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യുന്നു. സിൻഡിക്കേറ്റംഗങ്ങളായ അഡ്വ. പി.കെ. ഹരികുമാർ, ഡോ. ആർ. പ്രഗാഷ്, പ്രൊഫ. ടോമിച്ചൻ ജോസഫ്, ഡോ. എ. ജോസ്, ഡോ. റോയി സാം ഡാനിയേൽ എന്നിവർ സമീപം**

(പി.ആർ.ഒ/39/51/2020)

## ഡോ.കെ. മാത്യുകുര്യൻ അനുസ്മരണവും കേരള വികസന സംവാദവും ജനവരി 13ന്

സാമ്പത്തിക ശാസ്ത്രജ്ഞനും മുൻ രാജ്യസഭാംഗവും ഇന്ത്യൻ സ്കൂൾ ഓഫ് സോഷ്യൽ സയൻസസിന്റെ സ്ഥാപക അധ്യക്ഷനുമായിരുന്ന ഡോ.കെ. മാത്യുകുര്യനെ മഹാത്മാഗാന്ധി സർവകലാശാല അനുസ്മരിക്കുന്നു. സർവകലാശാല സാമൂഹികശാസ്ത്ര ഗവേഷണ-അന്തർവൈജ്ഞാനിക കേന്ദ്രം സംഘടിപ്പിക്കുന്ന അനുസ്മരണ സമ്മേളനവും 'പ്രാദേശിക വികസനം: കേരളത്തിന്റെ വെല്ലുവിളികൾ' എന്ന വിഷയത്തിലുള്ള ഏകദിന സംവാദവും ജനവരി 13ന് പുല്ലരിക്കുന്ന് കാമ്പസിൽ നടക്കും. രാവിലെ

9.45ന് വൈസ് ചാൻസലർ പ്രൊഫ.സാബു തോമസ് ഉദ്ഘാടനം നിർവഹിക്കും. കേരള ചരിത്രഗവേഷണ കൗൺസിൽ ചെയർമാൻ പ്രൊഫ. പി.കെ. മൈക്കിൾ തരകൻ അനുസ്മരണ പ്രഭാഷണം നടത്തും.

സിൻഡിക്കേറ്റംഗം അഡ്വ. പി.കെ. ഹരികുമാർ, സാമൂഹികശാസ്ത്ര ഗവേഷണ-അന്തർവൈജ്ഞാനിക കേന്ദ്രം ഡയറക്ടർ ഡോ. കെ.എം. സീതി, ഡോ. വി. മാത്യു കുര്യൻ എന്നിവർ സംസാരിക്കും.

സംവാദ പരിപാടിയിൽ പ്രമുഖ സാമ്പത്തിക ശാസ്ത്രജ്ഞനും സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് ഓണററി ഫെലോയുമായ പ്രൊഫ. എം.എ. ഉമ്മൻ മുഖ്യപ്രഭാഷണം നടത്തും. ജവാഹർലാൽ നെഹ്റു സർവകലാശാല സാമൂഹികശാസ്ത്ര വിഭാഗം അധ്യാപിക ഡോ.സൂസൻ വിശ്വനാഥൻ, സംസ്ഥാന പ്ലാനിംഗ് ബോർഡ് അംഗം ഡോ.ബി. ഇക്ബാൽ, സി.ഡി.എസിലെ അധ്യാപകൻ ഡോ.കെ.കെ. ഈശ്വരൻ, ഡോ. അഭിലാഷ് ബാബു എന്നിവർ പങ്കെടുക്കും. നരവംശശാസ്ത്രജ്ഞ ഡോ. വിനീതാ മേനോൻ അധ്യക്ഷത വഹിക്കും.

നവലിബറൽ കാലഘട്ടത്തിൽ കേരളത്തിന്റെ വികസനം നേരിടുന്ന വെല്ലുവിളികളും പ്രളയാനന്തര കേരളം മുന്നോട്ട് വയ്ക്കുന്ന വികസനപദ്ധതികളുടെ സാധ്യതകളും പരിമിതികളും ചർച്ച ചെയ്യും. നോട്ടുപിൻവലിക്കൽ, ചരക്ക-സേവന നികുതി നടപ്പാക്കൽ തുടങ്ങിയ കാര്യങ്ങൾ സാമ്പത്തിക വികസന മേഖലയിൽ സൃഷ്ടിച്ച അനിശ്ചിതത്വം, കേന്ദ്ര-സംസ്ഥാന ബന്ധങ്ങളിലെ മാറുന്ന പരിസ്ഥിതി, ആരോഗ്യ-വിദ്യാഭ്യാസ മേഖലയിലെ പുതിയ വെല്ലുവിളികൾ തുടങ്ങിയ വിഷയങ്ങളും ചർച്ചയാകും.

(പി.ആർ.ഒ/39/52/2020)

## സീറ്റൊഴിവ്

ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ് ലോങ്ങ് ലേണിംഗ് ആന്റ് എക്സ്റ്റൻഷൻ നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഓർഗാനിക് ഫാമിംഗ്, സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ മാനേജ്മെന്റ് ഓഫ് ലേണിംഗ് ഡിസെബിലിറ്റി എന്നീ കോഴ്സുകൾക്ക് ഏതാനും സീറ്റൊഴിവുണ്ട്. വിശദവിവരത്തിന് ഫോൺ: 0481-2731560, 2731724, 9544981839.

(പി.ആർ.ഒ/39/53/2020)

## Dr Mathew Kurian Memorial Lecture and Colloquium on Regional Development

The Inter University Centre for Social Science Research and Extension (IUCSSRE), Mahatma Gandhi University is organising a memorial lecture and a colloquium in honour of the late Dr. K. Mathew Kurian, a prominent economist, thinker and institution builder. Dr. Kurian was a former Member of the Rajya Sabha, the Founder-Director of the Indian School of Social Sciences, the Founder-Director of the Indian Institute of Regional Development Studies and the Founder-Editor of the internationally renowned journal, *Social Scientist*.

The Memorial Lecture, to be held on 13 January 9.45 am, will be delivered by Prof P. K. Michel Tharakan, Chairman, Kerala Council for Historical Research (KCHR) at the Pullarikunnu campus, Kottayam. The Lecture will be followed by the Colloquium on “Regional Development: Kerala’s Challenges.” The Keynote address will be delivered by eminent economist, Prof. MA Oommen, Honorary Fellow, Centre for Development Studies (CDS). The speakers at the Colloquium are Prof Susan Visvanathan (Jawaharlal Nehru University), Dr. B. Ekbal (Member, Kerala State Planning Board), Dr. K.K Eswaran Namboodiri (CDS). Prof Vineetha Menon, former professor of Anthropology, Kannur University will chair the session.

The programme will be inaugurated by Prof Sabu Thomas, Vice Chancellor, Mahatma Gandhi University. Adv. P.K. Harikumar, Member of Syndicate, Prof. K.M. Seethi, Hon. Director, IUCSSRE and Prof V. Mathew Kurian, Hon. Joint Director, KN Raj Centre will offer felicitations.

The colloquium will take up issues of equity and efficiency in the regional development scenario of Kerala in the broader context of pan-Indian economic development trajectory. The challenges Kerala faces in the post-flood, post-GST scenario will be discussed focusing on Kerala’s fiscal issues, health, education and water management policies.

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ